LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മാനസികാരോഗ്യകേന്ദ്ര വികസനം

86 (751) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിന്റെ പശ്ചാത്തല വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2013-14 -ലെ ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നതെന്നും ഇതിന് എത്ര തുക ചെലവായെന്നും അറിയിക്കുമോ ;

(ബി) ഇത്തവണത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുകയാണ് വകകൊള്ളിച്ചിരിക്കുന്നത് ?

ഉത്തരം

(എ) മാനസികാരോഗ്യകേന്ദ്രത്തിന്റെ പശ്ചാത്തല വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2013-14-ലെ ബഡ്ജറ്റിൽ മുപ്പത്തിയാറ് ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 15,56,227 (പതിനഞ്ച് ലക്ഷത്തി അമ്പത്തിയാറായിരത്തി ഇരുനൂറ്റി ഇരുപത്തിയേഴ് രൂപ) ചെലവഴിക്കുകയും ചെയ്തു. 2013-14-ൽ ഫോറൻസിക് വാർഡ് നിർമ്മാണത്തിനായി നൂറ്റിഇരുപത്താറ് ലക്ഷം രൂപ പി.ഡബ്ലു.ഡി. ക്യാപ്പിറ്റൽ ഹെഡിൽ മേജർ കൺസ്ട്രക്ഷൻ വർക്ക്സ് അണ്ടർ ഡി.എച്ച്.എസ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്.

(ബി) ഇത്തവണത്തെ ബഡ്ജറ്റിൽ ഒരു കോടി അമ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രി

87 (752) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി ഫിസിഷ്യൻ, കൺസൾട്ടന്റ്, അനസ്തേഷ്യ ജൂനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളും കാഷ്വാലിറ്റി മെഡിക്കലാഫീസർ തസ്തികയും ഒഴിഞ്ഞു കിടക്കുന്നതുകൊണ്ട് രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ മേഖലയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ വിദഗ്ധ ചികിത്സ ലഭിക്കുന്നതിനുള്ള ആശുപത്രിയാണ് കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രി എന്നതു കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തിക അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ്, ഫിസിഷ്യൻ തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റികൂടി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിലേക്ക് യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽനിന്നും കാഷ്യാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തിചികിത്സ

88 (753) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഭൗതിക സൗകര്യങ്ങളുണ്ടെങ്കിലും കിടത്തി ചികിത്സ പുനഃസ്ഥാപിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവിടെ കിടത്തി ചികിത്സ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാ കെയർ

89 (754) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly